14-ാം കേരള നിയമ സഭ

15-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2035 — 13-06-2019 -ൽ മറുപടിയ്ക്ക്

## റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ; | (എ) 16.06.2017-ൽ നടന്ന സ്റ്റിയറിങ് കമ്മിറ്റി മീറ്റിംഗിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കൂടി ഉൾപ്പെടുത്തി കൊണ്ട് ധാരണാപത്രം ഭേദഗതി വരുത്തി സമർപ്പിക്കുന്നതിനായി കേന്ദ്ര ആണവോർജ്ജനിയന്ത്രണബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. എ.ഇ.ആർ.ബി, കരട് ധാരണാപത്രം സർക്കാരിൽ സമർപ്പിക്കാത്തതിനെ തുടർന്ന് സംസ്ഥാന സർക്കാർ തലത്തിൽ ഒരു ധാരണാപത്രം തയ്യാറാക്കി, നടപ്പിൽ വരുത്തുന്നതിനായി 22.02.2018-തീയ്യതിയിൽ, കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡിന്റെ പരിഗണനയ്ക്കായി അയച്ചു നൽകിയിരുന്നു. സർക്കാർ തയ്യാറാക്കിയ ധാരണാപത്രത്തിലെ ചില വ്യവസ്ഥകൾ എ.ഇ.ആർ.ബി യുടെ അടിസ്ഥാനമാതൃകയിൽ നിന്നും വ്യതിരിക്തമാണെന്നും, 1962-ലെ ആണവോർജ്ജ നിയമം പ്രകാരം |

| | |
|---|---|
| | എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡിൽ മാത്രം നിക്ഷിപ്തമാണെന്നും എ.ഇ.ആർ.ബി അറിയിച്ചിരുന്നു. എ.ഇ.ആർ.ബി തയ്യാറാക്കി നൽകിയിരിക്കുന്ന ധാരണാപത്രം പ്രകാരം റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് യാതൊരുവിധ നിയന്ത്രണാധികാരങ്ങളും ഇല്ലാത്തതാണ്. |
| (ബി) ഇതിനായുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ; കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് ഇതുസംബന്ധിച്ച ചർച്ചക്കായി ക്ഷണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ധാരണാപത്രം ഒപ്പുവെച്ചിട്ടില്ല. ധാരണാപത്രം ഒപ്പുവെയ്ക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ എതിർപ്പുകൾ 16.06.2017-ൽ നടന്ന സ്റ്റിയറിങ് കമ്മിറ്റി മീറ്റിംഗിൽ തന്നെ കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡിനെ അറിയിച്ചിരുന്നു. ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു മീറ്റിംഗ് നടത്തുന്നത് ഉചിതമായിരിക്കുമെന്ന് 21.03.2018-തീയതിയിലെ കത്തിൽ കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡ് അഭിപ്രായപ്പെട്ടിരുന്നു. |
| (സി) പ്രസ്തുത നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇത്തരത്തിലുള്ള ശിപാർശ സർക്കാരിന് | (സി) റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിക്കുകയോ കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. |

| | |
|---|---|
| ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ശ്രമത്തിൽ നിന്ന് സർക്കാർ പിന്മാറുമോ എന്നറിയിക്കുമോ? | സംസ്ഥാനത്ത് റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചാലും മറ്റു സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡിന്റെ വിദഗ്ധർ നടത്തുമെന്ന് എ.ഇ.ആർ.ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**